**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4355** **18-03-2025 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി പുറമേ നിന്നു വാങ്ങുന്നതിന് നിലവിലുള്ള സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ,<br>ഡോ. എം. കെ. മുനീർ ,<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന് ,<br>ശ്രീ. പി. ഉബൈദുള്ള | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിനാവശ്യമായ വൈദ്യുതി പുറമേ നിന്നു വാങ്ങുന്നതിന് നിലവിലുള്ള സംവിധാനം എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) | നിലവിൽ സംസ്ഥാനത്തെ വൈദ്യുതി ആവശ്യകതയുടെ ഏകദേശം 30ശതമാന ത്തിൽ താഴെ മാത്രമേ ആഭ്യന്തര ഉല്പാദനത്തിലൂടെ ലഭ്യമാകുന്നുള്ളൂ. ബാക്കി വരുന്ന 70 ശതമാനം വൈദ്യുതി സംസ്ഥാനത്തിന് പുറത്തുനിന്നും കേന്ദ്ര വിഹിതമായി ലഭിക്കുന്നതും വിവിധ ദീർഘകാല/ ഹ്രസ്വകാല കരാറുകൾ വഴിയുമാണ് ഉറപ്പാക്കിയിട്ടുള്ളത്. സംസ്ഥാ നത്തെ വർദ്ധിച്ചു വരുന്ന വൈദ്യുതി ആവശ്യം നിറവേറ്റുന്നതിന് നിലവിലുമുള്ള കരാറുകൾ മുഖേന ലഭ്യമാകുന്ന വൈദ്യുതി മതിയാകാതെ വരുന്ന സാഹചര്യത്തിൽ കെ.എസ്.ഇ.ബി.എൽ. കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെ DEEP portal മുഖേന ദീർഘകാല (7-25 years)/ മധ്യകാല (1-7 years)/ ഹ്രസ്വകാല ടെൻഡറുകൾ (1 month-11 months) വിളിച്ചു e-Reverse auction വഴി കണ്ടെത്തുന്ന നിരക്ക് കെ.എസ്.ഇ.ബി.എൽ.-ന് സ്വീകാര്യമാ ണെങ്കിൽ Kerala State Electricity Regulatory Commission (KSERC)യുടെ അനുമതിയോടെ കരാറിൽ ഏർപ്പെടാറുണ്ട്. കൂടാതെ ടെൻഡറുകൾ വിളിച്ചു ബാങ്കിങ് കരാറിലും കെ.എസ്.ഇ.ബി.എൽ. ഏർപ്പെ ടാറുണ്ട്. ഇതിനു പുറമെ സമയാസമയ ങ്ങളിൽ ആവശ്യകത മുൻനിർത്തി Power exchange-ൽ നിന്നും RTM (Real Time Market), DAM (Day Ahead market), TAM (Term Ahead Market) മുഖേന ഒരു ദിവസം മുതൽ ഒരു മാസം വരെയുള്ള ആവശ്യകത അനുസരിച്ചു വൈദ്യുതി വാങ്ങുന്നുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഇതിന് എന്തെങ്കിലും മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതിനായി ഇടനിലക്കാരായി ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (ബി) | ഇപ്പോഴുള്ള സംവിധാനത്തിൽ മാറ്റം വരുത്താൻ നിലവിൽ തീരുമാനം ഒന്നും എടുത്തിട്ടില്ല. എന്നാൽ നൂതന സാങ്കേതിക വിദ്യകളുടെ പ്രയോജനങ്ങൾ ഉപയോഗ പ്പെടുത്തി വൈദ്യുതി വാങ്ങൽ പ്രക്രിയ കൂടുതൽ കാര്യക്ഷമമാക്കാനും അതുവഴി വാങ്ങൽ ചെലവുകൾ കുറയ്ക്കാനുമുള്ള സാധ്യതകൾ ആരായുന്നുണ്ട്. |
| (സി) | ഇങ്ങനെ വൈദ്യുതി വാങ്ങുന്നതിലൂടെ ഉണ്ടാകുന്ന അധികച്ചെലവ് ഉപഭോക്താക്കളെ ബാധിക്കാതിരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ? | (സി) | വൈദ്യുതി വാങ്ങൽ ചെലവുകൾ ആത്യന്തികമായി വൈദ്യുത നിരക്കിൽ പ്രതിഫലിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ